# പതിനഞ്ചാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2021 ജൂൺ 7, തിങ്കൾ

**നമ്പർ 9**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

**ചോദ്യങ്ങൾ:**

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

(മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിലെ മൂന്നാമത്തെ ചോദ്യത്തിലെ ചില പരാമർശങ്ങളിൽ ആക്ഷേപമുന്നയിച്ച് പ്രതിപക്ഷം സഭയിൽ നിന്ന് ഇറങ്ങിപ്പോയി)

**ഗവർണറുടെ സന്ദേശം:**

2021 ജൂൺ-2 ന് സഭ അംഗീകരിച്ച നന്ദിപ്രമേയത്തിന് ഗവർണർ നൽകിയ മറുപടി സ്പീക്കർ സഭയെ അറിയിച്ചു

**അടിയന്തരപ്രമേയം:**

തൃശ്ശൂർ-കൊടകര ദേശീയ പാതയിൽ നടന്ന ഒരു കവർച്ചാ കേസ്സിന്റെ അന്വേഷണത്തിൽ പിടികൂടിയ കുഴൽപ്പണം നിയമസഭാ തെരഞ്ഞെടുപ്പിൽ ഒരു പ്രമുഖ രാഷ്ട്രീയ പാർട്ടിയുടെ പ്രചാരണത്തിനായി കൊണ്ടുവന്നതാണെന്ന വെളിപ്പെടുത്തൽ മൂലവും, സംഭവത്തിന്റെ അന്വേഷണം ഒരു പാർട്ടിയുടെ ഉന്നത നേതാക്കളിലേക്ക് നീങ്ങുന്ന സാഹചര്യം മൂലവും ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരസ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. ഷാഫി പറമ്പിലും മറ്റ് മൂന്ന് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നല്കിയിരുന്നു. മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

**ശ്രദ്ധ ക്ഷണിക്കൽ:**

1. കേന്ദ്രസർക്കാരിന്റെ അനാസ്ഥമൂലം സംസ്ഥാനത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ ഭാഗമായുള്ള റിസോഴ്സ് പേഴ്സൺസിന് തുടർച്ചയായി ശമ്പളം ലഭിക്കാത്തത് സംബന്ധിച്ച് ശ്രീ. സി. കെ. ഹരീന്ദ്രൻ തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രിക്ക് വേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ, പിന്നോക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 798/2021(i).

2. Dr. Mathew Kuzhalnadan called the attention of the Minister for Agriculture to the difficulties faced by the farmers in the State due to the non availabilty of subsidised fertilizers in adequate quantity. The Minister made a statement thereto.

*The Matters under Rule 304:*

The matters raised in the House by the Members under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. പി. നന്ദകുമാർ | കരിപ്പൂർ വിമാനത്താവള വികസനം | മുഖ്യമന്ത്രി |
| 2 | ശ്രീ. എ. എൻ. ഷംസീർ | തലശ്ശേരി - കൂത്തുപറമ്പ് സമഗ്ര കുടിവെള്ള പദ്ധതി | ജലവിഭവ വകുപ്പുമന്ത്രി |
| 3 | ശ്രീ. സി. ആർ. മഹേഷ് | ആലപ്പാട്ട് തീരപ്രദേശത്ത് കടൽ ഭിത്തി നിർമ്മാണവും, പുലിമുട്ട് നിർമ്മാണവും | ജലവിഭവ വകുപ്പുമന്ത്രി |
| 4 | ശ്രീ. കെ. പി. എ. മജീദ് | തിരൂരങ്ങാടി വാട്ടർ സപ്ലൈ സ്കീം | ജലവിഭവ വകുപ്പുമന്ത്രി |
| 5 | ശ്രീ. എം. നൗഷാദ് | സർക്കാർ/സർക്കാരിതര സ്കൂളുകളിലെ ഓൺലൈൻ ക്ലാസ് സമയക്രമം | പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി |
| 6 | ശ്രീ. എൻ. കെ. അക്ബർ | ലോഡ്ജ് ഉടമകൾക്കും കച്ചവടക്കാർക്കും ആശ്വാസ പദ്ധതി | പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി |
| 7 | ശ്രീ. കെ. എം. സച്ചിൻദേവ് | ബാലുശ്ശേരി ബൈപ്പാസ് നിർമ്മാണം | പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി |
| 8 | ശ്രീ. മോൻസ് ജോസഫ് | ചേർപ്പുങ്കൽ സമാന്തര പാലത്തിന്റെ പുനർ നിർമ്മാണം | പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി |
| 9 | ശ്രീ. സനീഷ്കുമാർ ജോസഫ് | തുമ്പൂർമുഴി - മലക്കപ്പാറ ടൂറിസം മാസ്റ്റർപ്ലാൻ | പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി |
| 10 | ശ്രീ. പി.ടി.എ. റഹീം | വിദേശരാജ്യങ്ങളിലെ മെഡിക്കൽ കോഴ്സിന് അംഗീകാരം | ആരോഗ്യവും വനിത-ശിശുക്ഷേമവും വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Ruling of Speaker :*

The Speaker gave the following ruling on a point of order raised by Shri V. D. Satheesan, Leader of Opposition regarding the constitutional question arising out of the oath taken again by Shri A. Raja, elected member from 88 - Devikulam after it was found that the oath he took on 24-5-2021 was not in order.

"ദേവികുളം നിയോജകമണ്ഡലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട ബഹുമാനപ്പെട്ട അംഗം ശ്രീ. എ. രാജ 2021 മേയ് മാസം 24-ാം തീയതി സഭയിൽ വച്ച് ചെയ്ത സത്യപ്രതിജ്ഞ ഇന്ത്യൻ ഭരണഘടനയുടെ മൂന്നാം പട്ടികയിൽ അനുശാസിക്കും പ്രകാരമല്ലെന്ന് കണ്ടെത്തിയതിനെത്തുടർന്ന് 2021 ജൂൺ 2-ാം തീയതി വീണ്ടും സത്യപ്രതിജ്ഞ ചെയ്യേണ്ടി വന്നതുമൂലം ഉളവായിട്ടുള്ള ഭരണഘടനാ പ്രശ്നങ്ങളിന്മേലും നിയമ പ്രശ്നങ്ങളിന്മേലും ചെയറിൽ നിന്നും വ്യക്തമായ റൂളിംഗ് ഉണ്ടാവണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ജൂൺ 2-ാം തീയതി ക്രമപ്രശ്നം ഉന്നയിച്ചത്.

ശ്രീ. എ. രാജ മേയ് 24-ന് ആദ്യം നടത്തിയ സത്യപ്രതിജ്ഞ നിയമാനുസൃതമല്ലെന്ന് കണ്ടെത്തിയതിനാൽ വീണ്ടും സത്യപ്രതിജ്ഞ ചെയ്യേണ്ടിവന്ന ജൂൺ 2-ാം തീയതിയുടെ തലേദിവസം വരെ ആകെ അഞ്ച് ദിവസം സഭയിൽ ഹാജരായി സഭാ നടപടികളിൽ പങ്കെടുത്തതിന് അദ്ദേഹത്തിൽനിന്നും ഭരണഘടനയുടെ അനുച്ഛേദം 193-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം പിഴ ഈടാക്കേണ്ടതുണ്ടോ എന്നും, 2021 മേയ് 25-ാം തീയതി സഭയിൽ നടന്ന സ്പീക്കർ തെരഞ്ഞെടുപ്പിൽ പങ്കെടുത്ത് വോട്ട് രേഖപ്പെടുത്തിയതുൾപ്പെടെയുള്ള നടപടികൾ അസാധുവാക്കേണ്ടതുണ്ടോ എന്ന കാര്യത്തിലുമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പ്രധാനമായും ചെയറിൽനിന്നും റൂളിംഗ് ആവശ്യപ്പെട്ടത്.

നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന ഒരു വ്യക്തി സഭാംഗമെന്ന നിലയിൽ സത്യപ്രതിജ്ഞ ചെയ്യുന്നത് സംബന്ധിച്ച ഭരണഘടനാ വ്യവസ്ഥകളും ക്രമപ്രകാരമല്ലാതെ സത്യപ്രതിജ്ഞ ചെയ്തതിനോടനുബന്ധിച്ച് നമ്മുടെ സഭയിലും ഇതര സഭകളിലും ഉണ്ടായിട്ടുള്ള കീഴ്വഴക്കങ്ങളും അതോടൊപ്പം സമാന കേസ്സുകളിൽ വിവിധ കോടതികളിൽനിന്നും വന്നിട്ടുള്ള വിധികളും ഇതിനോടനുബന്ധിച്ച് ചെയർ വിശദമായി പരിശോധിക്കുകയുണ്ടായി.

ബഹുമാനപ്പെട്ട അംഗം ശ്രീ. എ. രാജ മേയ് 24-ാം തീയതി നിയമസഭാംഗമെന്ന നിലയിൽ നടത്തിയ സത്യപ്രതിജ്ഞയിൽ അപാകത ഉണ്ടായിട്ടുണ്ടെന്നും അത് തിരുത്തപ്പെടേണ്ടി വരുമെന്നുമുള്ള നിലയിൽ മാധ്യമ വാർത്തകൾ വന്നതിന്റെ അടിസ്ഥാനത്തിൽ നിയമസഭാ സെക്രട്ടേറിയറ്റ് നിയമവകുപ്പ് സെക്രട്ടറിയിൽനിന്നും അഭിപ്രായം ആരായുകയുണ്ടായി.

798/2021

ശ്രീ. എ. രാജ തമിഴ് ഭാഷയിൽ നടത്തിയ സത്യപ്രതിജ്ഞയിൽ അപാകത ഉണ്ടായിട്ടുണ്ടെന്നും അത് തിരുത്തപ്പെടേണ്ടതാണെന്നും നിയമവകുപ്പ് സെക്രട്ടറി അറിയിച്ചതിന്റെ അടിസ്ഥാനത്തിലായിരുന്നു അദ്ദേഹത്തിന് ജൂൺ 2-ാം തീയതി ശരിയായ രീതിയിൽ വീണ്ടും സത്യപ്രതിജ്ഞ ചെയ്യേണ്ടി വന്നത്. നിയമവകുപ്പ് തയ്യാറാക്കി നിയമസഭാ സെക്രട്ടേറിയറ്റിന് അയച്ചുതന്ന, തമിഴ് ഭാഷയിലുള്ള സത്യപ്രതിജ്ഞാവാചകം അപൂർണ്ണമായിരുന്നതുമൂലമാണ് ശ്രീ. രാജയുടെ സത്യപ്രതിജ്ഞയിൽ പിശക് സംഭവിക്കുവാൻ ഇടയായതെന്നാണ് നിയമവകുപ്പിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നത്.

സത്യപ്രതിജ്ഞാ വാചകത്തിൽ അവസാനമായി പരാമർശിക്കേണ്ടിയിരുന്ന "ദൈവനാമത്തിൽ" അല്ലെങ്കിൽ "സഗൗരവം" എന്നിവയിൽ ഏതെങ്കിലും ഒരു വാക്കിന് സമാനമായ തമിഴ് വാക്ക് ഉൾപ്പെടുത്താതെ നിയമവകുപ്പ് തയ്യാറാക്കി ലഭ്യമാക്കിയ സത്യപ്രതിജ്ഞാഫോറം അംഗത്തിന് നൽകിയതുമൂലമാണ് ബഹുമാനപ്പെട്ട അംഗത്തിന്റെ സത്യപ്രതിജ്ഞ അപൂർണ്ണമായിപ്പോയതെന്നാണ് ചെയർ മനസ്സിലാക്കുന്നത്.

ഇത്തരത്തിലുള്ളൊരു ഗുരുതരമായ വീഴ്ച സംഭവിച്ചത് ഏതു സാഹചര്യത്തിലാണെന്നത് സംബന്ധിച്ച് ചെയർ വിശദമായി പരിശോധിച്ച് കർശന നടപടി സ്വീകരിക്കുന്നതാണ്.

“ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 188-ലെ വ്യവസ്ഥ പ്രകാരം, മൂന്നാം പട്ടികയിൽ ചേർത്തിട്ടുള്ള ഫോമിൽ പറഞ്ഞിരിക്കുന്ന പ്രകാരമല്ലാതെ നടത്തുന്ന സത്യപ്രതിജ്ഞ ക്രമാനുസൃതമായ സത്യപ്രതിജ്ഞയായി കാണാനാവില്ല. അപ്രകാരം പൂർണ്ണമല്ലാത്ത സത്യപ്രതിജ്ഞ ചെയ്യുന്ന അംഗങ്ങൾക്ക് സഭയിൽ പ്രവേശിക്കാനോ നടപടികളിൽ പങ്കെടുക്കാനോ വോട്ട് രേഖപ്പെടുത്തുവാനോ അവകാശവുമില്ല. മാത്രവുമല്ല, അങ്ങനെ ചെയ്യുന്ന ഓരോ ദിവസത്തിനും അഞ്ഞൂറ് രൂപ വീതം പിഴ അത്തരം അംഗങ്ങളിൽനിന്നും ഈടാക്കേണ്ടതാണെന്ന് അനുച്ഛേദം 193-ൽ വ്യവസ്ഥ ചെയ്തിട്ടുമുണ്ട്.

Haridasan Palayil Vs. The Speaker Kerala Legislative Assembly (2003(3) KLT 119) എന്ന കേസ്സിൽ ക്രമപ്രകാരമല്ലാതെ സത്യപ്രതിജ്ഞ ചെയ്തെന്ന് കണ്ടെത്തിയ പതിനൊന്നാം കേരള നിയമസഭയിലെ ഒരംഗം സത്യപ്രതിജ്ഞയ്ക്കുശേഷം അപ്രകാരം സഭാ നടപടികളിൽ പങ്കെടുത്ത ദിവസങ്ങൾക്ക് ഭരണഘടനയിൽ പരാമർശിക്കുന്ന നിരക്കിലുള്ള പിഴയടയ്ക്കണമെന്ന് മാത്രമാണ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വിധിച്ചത്. അദ്ദേഹം സഭാനടപടികളിൽ പങ്കെടുത്തതും വോട്ട് രേഖപ്പെടുത്തിയതുമായ യാതൊരു നടപടികളും അസാധുവാണെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി അന്ന് പ്രഖ്യാപിച്ചിട്ടില്ല എന്നത് ഇത്തരുണത്തിൽ ചെയർ പ്രത്യേകമായി നിരീക്ഷിക്കുന്നു.

അതോടൊപ്പം "സഭയിൽ ഇരിക്കുകയോ വോട്ടു ചെയ്യുകയോ നടപടികളിൽ മറ്റു വിധത്തിൽ പങ്കെടുക്കുകയോ ചെയ്യുവാൻ അവകാശമില്ലാതിരുന്ന ആരെങ്കിലും അപ്രകാരം ചെയ്തതായി പിന്നീട് വെളിപ്പെട്ടു എന്നിരുന്നാലും ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണ മണ്ഡലത്തിലെ ഏതു നടപടിയും സാധുവായിരിക്കുന്നതും ആകുന്നു" എന്ന് അനുച്ഛേദം 189(2)-ൽ പരാമർശമുണ്ടെന്ന വസ്തുത ഇതോടൊപ്പം ചേർത്തുവായിക്കുന്നത് ഏറെ പ്രസക്തമാണെന്ന് ചെയർ കരുതുന്നു.

ഈ സാഹചര്യത്തിൽ ദേവികുളം നിയോജകമണ്ഡലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട ശ്രീ. എ. രാജ 2021 മേയ് 24-ാം തീയതി സഭയിൽ നടത്തിയ സത്യപ്രതിജ്ഞ ക്രമപ്രകാരമായിരുന്നില്ല എന്ന കാരണത്താൽ അന്നുമുതൽ അദ്ദേഹം ക്രമാനുസൃതമായി സത്യപ്രതിജ്ഞ നടത്തിയ ജൂൺ 2-ാം തീയതി വരെ സഭയിൽ ഹാജരായ മേയ് 24, 25, 28, 31, ജൂൺ 1 എന്നീ അഞ്ച് ദിവസത്തേക്ക് പ്രതിദിനം അഞ്ഞൂറ് രൂപ നിരക്കിൽ ആകെ രണ്ടായിരത്തി അഞ്ഞൂറ് രൂപ പിഴ ഒടുക്കേണ്ടതാണെന്നും പ്രസ്തുത ദിനങ്ങളിൽ അദ്ദേഹം പങ്കെടുത്തതോ വോട്ട് രേഖപ്പെടുത്തിയതോ ആയ നടപടികൾ ഒന്നുംതന്നെ അസാധുവാകുന്നതുമല്ല എന്നും ഇക്കാര്യങ്ങൾ സംബന്ധിച്ച ഭരണഘടനാ വ്യവസ്ഥകളുടെയും കീഴ്വഴക്കങ്ങളുടെയും കോടതി നിരീക്ഷണങ്ങളുടെയും അടിസ്ഥാനത്തിൽ ചെയർ റൂൾ ചെയ്യുന്നു."

<u>ധനകാര്യം:</u>

2021 -2022 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിനെ സംബന്ധിച്ച പൊതു ചർച്ച ആരംഭിച്ചു. താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. ചിറ്റയം ഗോപകുമാർ, ഡെപ്യൂട്ടി സ്പീക്കർ

ശ്രീ. കെ. ബാബു (നെന്മാറ)

ശ്രീ. രമേശ് ചെന്നിത്തല

ശ്രീ. പി. എസ്. സുപാൽ

ശ്രീ. എ. കെ. എം. അഷ്റഫ്

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

ശ്രീ. പി. ജെ. ജോസഫ്

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. കെ. ജെ. മാക്സി

ഡോ. മാത്യു കുഴൽനാടൻ

ശ്രീമതി ഒ. എസ്. അംബിക

ശ്രീ. കുറുക്കോളി മൊയ്തീൻ

ശ്രീ. എം. വിജിൻ

ശ്രീ. വി. ആർ. സുനിൽ കുമാർ

ശ്രീ. എ. പ്രഭാകരൻ

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. കെ. കെ. രാമചന്ദ്രൻ

ശ്രീ. പി. സി. വിഷ്ണുനാഥ്

ശ്രീ. പി. പി. ചിത്തരഞ്ജൻ

ചർച്ച പൂർത്തിയായില്ല

2021 ജൂൺ 8 - ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 - ന് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്ക് ശേഷം 3.29 - ന് സഭ പിരിഞ്ഞു.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,

*സെക്രട്ടറി.*

# FIFTEENTH KERALA LEGISLATIVE ASSEMBLY

First Session

# BULLETIN—PART I

(Brief Record of Proceedings)

*Monday, June 7, 2021.*

**No. 9**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Three Questions in the list of Questions posted for the day were answered orally.

(In protest against some remarks in the third question in the list of Questions posted for the day, Members belonging to the opposition staged a walkout.)

*Message from the Governor:*

The Speaker reported to the Assembly the Governor's reply to the Motion of Thanks which was adopted by the House on 2nd June 2021.

*Adjournment Motion:*

After hearing Chief Minister, the Speaker withheld consent to the moving of an adjournment motion given notice of by Shri Shafi Parambil and three other Members to the serious situation reported to have arisen consequent to the revelations that the hawala cash seized during the investigation of a crime of robbery occured in Thrissur-Kodakara National Highway was intended for election campaign of a major political party and the investigation into the involvement of their higher leaders.

*Calling Attention :*

1. Shri C. K. Hareendran called the attention of the Minister for Local Self Governments and Excise to the situation, wherein salaries to the resource persons associated with the Social Audit Society of the Mahatma Gandhi National Rural Employment Guarentee Programme in the State are not being paid due to the laxity of the Central Government. The Minister for Scheduled Castes, Scheduled Tribes, Backward Classes and Devaswoms on behalf of the Minister made a statement thereto.

KNPP. 798/2021(ii).

2. DR. Mathew Kuzhalnadan called the attention of the Minister for Agriculture to the difficulties faced by the farmers in the State due to the non availabilty of subsidised fertilizers in adequate quantity. The Minister made a statement thereto.

*The Matters under Rule 304:*

The matters raised in the House by the Members under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. പി. നന്ദകുമാർ | കരിപ്പൂർ വിമാനത്താവള വികസനം | മുഖ്യമന്ത്രി |
| 2 | ശ്രീ. എ. എൻ. ഷംസീർ | തലശ്ശേരി - കൂത്തുപറമ്പ് സമഗ്ര കടിവെള്ള പദ്ധതി | ജലവിഭവ വകുപ്പുമന്ത്രി |
| 3 | ശ്രീ. സി. ആർ. മഹേഷ് | ആലപ്പാട്ട് തീരപ്രദേശത്ത് കടൽ ഭിത്തി നിർമ്മാണവും, പുലിമുട്ട് നിർമ്മാണവും | ജലവിഭവ വകുപ്പുമന്ത്രി |
| 4 | ശ്രീ. കെ. പി. എ. മജീദ് | തിരൂരങ്ങാടി വാട്ടർ സപ്ലൈ സ്കീം | ജലവിഭവ വകുപ്പുമന്ത്രി |
| 5 | ശ്രീ. എം. നൗഷാദ് | സർക്കാർ/സർക്കാരിതര സ്കൂളുകളിലെ ഓൺലൈൻ ക്ലാസ് സമയക്രമം | പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി |
| 6 | ശ്രീ. എൻ. കെ. അക്ബർ | ലോഡ്ജ് ഉടമകൾക്കും കച്ചവടക്കാർക്കും ആശ്വാസ പദ്ധതി | പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി |
| 7 | ശ്രീ. കെ. എം. സച്ചിൻദേവ് | ബാലുശ്ശേരി ബൈപ്പാസ് നിർമ്മാണം | പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി |
| 8 | ശ്രീ. മോൻസ് ജോസഫ് | ചേർപ്പുങ്കൽ സമാന്തര പാലത്തിന്റെ പുനർ നിർമ്മാണം | പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി |
| 9 | ശ്രീ. സനീഷ്കുമാർ ജോസഫ് | തുമ്പൂർമുഴി - മലക്കപ്പാറ ടൂറിസം മാസ്റ്റർപ്ലാൻ | പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി |
| 10 | ശ്രീ. പി.ടി.എ. റഹീം | വിദേശരാജ്യങ്ങളിലെ മെഡിക്കൽ കോഴ്സിന് അംഗീകാരം | ആരോഗ്യവും വനിത-ശിശുക്ഷേമവും വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Ruling of Speaker :*

The Speaker gave the following ruling on a point of order raised by Shri V. D. Satheesan, Leader of Opposition regarding the constitutional question arising out of the oath taken again by Shri A. Raja, elected member from 88 - Devikulam after it was found that the oath he took on 24-5-2021 was not in order.

"ദേവികുളം നിയോജകമണ്ഡലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട ബഹുമാനപ്പെട്ട അംഗം ശ്രീ. എ. രാജ 2021 മേയ് മാസം 24-ാം തീയതി സഭയിൽ വച്ച് ചെയ്ത സത്യപ്രതിജ്ഞ ഇന്ത്യൻ ഭരണഘടനയുടെ മൂന്നാം പട്ടികയിൽ അനുശാസിക്കും പ്രകാരമല്ലെന്ന് കണ്ടെത്തിയതിനെത്തുടർന്ന് 2021 ജൂൺ 2-ാം തീയതി വീണ്ടും സത്യപ്രതിജ്ഞ ചെയ്യേണ്ടി വന്നതുമൂലം ഉളവായിട്ടുള്ള ഭരണഘടനാ പ്രശ്നങ്ങളിന്മേലും നിയമ പ്രശ്നങ്ങളിന്മേലും ചെയറിൽ നിന്നും വ്യക്തമായ റൂളിംഗ് ഉണ്ടാവണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ജൂൺ 2-ാം തീയതി ക്രമപ്രശ്നം ഉന്നയിച്ചത്.

ശ്രീ. എ. രാജ മേയ് 24-ന് ആദ്യം നടത്തിയ സത്യപ്രതിജ്ഞ നിയമാനുസൃതമല്ലെന്ന് കണ്ടെത്തിയതിനാൽ വീണ്ടും സത്യപ്രതിജ്ഞ ചെയ്യേണ്ടിവന്ന ജൂൺ 2-ാം തീയതിയുടെ തലേദിവസം വരെ ആകെ അഞ്ച് ദിവസം സഭയിൽ ഹാജരായി സഭാ നടപടികളിൽ പങ്കെടുത്തതിന് അദ്ദേഹത്തിൽനിന്നും ഭരണഘടനയുടെ അനുച്ഛേദം 193-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം പിഴ ഈടാക്കേണ്ടതുണ്ടോ എന്നും, 2021 മേയ് 25-ാം തീയതി സഭയിൽ നടന്ന സ്പീക്കർ തെരഞ്ഞെടുപ്പിൽ പങ്കെടുത്ത് വോട്ട് രേഖപ്പെടുത്തിയതുൾപ്പെടെയുള്ള നടപടികൾ അസാധുവാക്കേണ്ടതുണ്ടോ എന്ന കാര്യത്തിലുമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പ്രധാനമായും ചെയറിൽനിന്നും റൂളിംഗ് ആവശ്യപ്പെട്ടത്.

നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന ഒരു വ്യക്തി സഭാംഗമെന്ന നിലയിൽ സത്യപ്രതിജ്ഞ ചെയ്യുന്നത് സംബന്ധിച്ച ഭരണഘടനാ വ്യവസ്ഥകളും ക്രമപ്രകാരമല്ലാതെ സത്യപ്രതിജ്ഞ ചെയ്തതിനോടനുബന്ധിച്ച് നമ്മുടെ സഭയിലും ഇതര സഭകളിലും ഉണ്ടായിട്ടുള്ള കീഴ്വഴക്കങ്ങളും അതോടൊപ്പം സമാന കേസ്സുകളിൽ വിവിധ കോടതികളിൽനിന്നും വന്നിട്ടുള്ള വിധികളും ഇതിനോടനുബന്ധിച്ച് ചെയർ വിശദമായി പരിശോധിക്കുകയുണ്ടായി.

ബഹുമാനപ്പെട്ട അംഗം ശ്രീ. എ. രാജ മേയ് 24-ാം തീയതി നിയമസഭാംഗമെന്ന നിലയിൽ നടത്തിയ സത്യപ്രതിജ്ഞയിൽ അപാകത ഉണ്ടായിട്ടുണ്ടെന്നും അത് തിരുത്തപ്പെടേണ്ടി വരുമെന്നുമുള്ള നിലയിൽ മാധ്യമ വാർത്തകൾ വന്നതിന്റെ അടിസ്ഥാനത്തിൽ നിയമസഭാ സെക്രട്ടേറിയറ്റ് നിയമവകുപ്പ് സെക്രട്ടറിയിൽനിന്നും അഭിപ്രായം ആരായുകയുണ്ടായി.

798/2021

ശ്രീ. എ. രാജ തമിഴ് ഭാഷയിൽ നടത്തിയ സത്യപ്രതിജ്ഞയിൽ അപാകത ഉണ്ടായിട്ടുണ്ടെന്നും അത് തിരുത്തപ്പെടേണ്ടതാണെന്നും നിയമവകുപ്പ് സെക്രട്ടറി അറിയിച്ചതിന്റെ അടിസ്ഥാനത്തിലായിരുന്നു അദ്ദേഹത്തിന് ജൂൺ 2-ാം തീയതി ശരിയായ രീതിയിൽ വീണ്ടും സത്യപ്രതിജ്ഞ ചെയ്യേണ്ടി വന്നത്. നിയമവകുപ്പ് തയ്യാറാക്കി നിയമസഭാ സെക്രട്ടേറിയറ്റിന് അയച്ചുതന്ന, തമിഴ് ഭാഷയിലുള്ള സത്യപ്രതിജ്ഞാവാചകം അപൂർണ്ണമായിരുന്നതുമൂലമാണ് ശ്രീ. രാജയുടെ സത്യപ്രതിജ്ഞയിൽ പിശക് സംഭവിക്കുവാൻ ഇടയായതെന്നാണ് നിയമവകുപ്പിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നത്.

സത്യപ്രതിജ്ഞാ വാചകത്തിൽ അവസാനമായി പരാമർശിക്കേണ്ടിയിരുന്ന "ദൈവനാമത്തിൽ" അല്ലെങ്കിൽ "സഗൗരവം" എന്നിവയിൽ ഏതെങ്കിലും ഒരു വാക്കിന് സമാനമായ തമിഴ് വാക്ക് ഉൾപ്പെടുത്താതെ നിയമവകുപ്പ് തയ്യാറാക്കി ലഭ്യമാക്കിയ സത്യപ്രതിജ്ഞാഫോറം അംഗത്തിന് നൽകിയതുമൂലമാണ് ബഹുമാനപ്പെട്ട അംഗത്തിന്റെ സത്യപ്രതിജ്ഞ അപൂർണ്ണമായിപ്പോയതെന്നാണ് ചെയർ മനസ്സിലാക്കുന്നത്.

ഇത്തരത്തിലുള്ളൊരു ഗുരുതരമായ വീഴ്ച സംഭവിച്ചത് ഏതു സാഹചര്യത്തിലാണെന്നത് സംബന്ധിച്ച് ചെയർ വിശദമായി പരിശോധിച്ച് കർശന നടപടി സ്വീകരിക്കുന്നതാണ്.

“ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 188-ലെ വ്യവസ്ഥ പ്രകാരം, മൂന്നാം പട്ടികയിൽ ചേർത്തിട്ടുള്ള ഫോമിൽ പറഞ്ഞിരിക്കുന്ന പ്രകാരമല്ലാതെ നടത്തുന്ന സത്യപ്രതിജ്ഞ ക്രമാനുസൃതമായ സത്യപ്രതിജ്ഞയായി കാണാനാവില്ല. അപ്രകാരം പൂർണ്ണമല്ലാത്ത സത്യപ്രതിജ്ഞ ചെയ്യുന്ന അംഗങ്ങൾക്ക് സഭയിൽ പ്രവേശിക്കാനോ നടപടികളിൽ പങ്കെടുക്കാനോ വോട്ട് രേഖപ്പെടുത്തുവാനോ അവകാശവുമില്ല. മാത്രവുമല്ല, അങ്ങനെ ചെയ്യുന്ന ഓരോ ദിവസത്തിനും അഞ്ഞൂറ് രൂപ വീതം പിഴ അത്തരം അംഗങ്ങളിൽനിന്നും ഈടാക്കേണ്ടതാണെന്ന് അനുച്ഛേദം 193-ൽ വ്യവസ്ഥ ചെയ്തിട്ടുമുണ്ട്.

Haridasan Palayil Vs. The Speaker Kerala Legislative Assembly (2003(3) KLT 119) എന്ന കേസ്സിൽ ക്രമപ്രകാരമല്ലാതെ സത്യപ്രതിജ്ഞ ചെയ്തെന്ന് കണ്ടെത്തിയ പതിനൊന്നാം കേരള നിയമസഭയിലെ ഒരംഗം സത്യപ്രതിജ്ഞയ്ക്കുശേഷം അപ്രകാരം സഭാ നടപടികളിൽ പങ്കെടുത്ത ദിവസങ്ങൾക്ക് ഭരണഘടനയിൽ പരാമർശിക്കുന്ന നിരക്കിലുള്ള പിഴയടയ്ക്കണമെന്ന് മാത്രമാണ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വിധിച്ചത്. അദ്ദേഹം സഭാനടപടികളിൽ പങ്കെടുത്തതും വോട്ട് രേഖപ്പെടുത്തിയതുമായ യാതൊരു നടപടികളും അസാധുവാണെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി അന്ന് പ്രഖ്യാപിച്ചിട്ടില്ല എന്നത് ഇത്തരുണത്തിൽ ചെയർ പ്രത്യേകമായി നിരീക്ഷിക്കുന്നു.

അതോടൊപ്പം "സഭയിൽ ഇരിക്കുകയോ വോട്ടു ചെയ്യുകയോ നടപടികളിൽ മറ്റു വിധത്തിൽ പങ്കെടുക്കുകയോ ചെയ്യുവാൻ അവകാശമില്ലാതിരുന്ന ആരെങ്കിലും അപ്രകാരം ചെയ്തതായി പിന്നീട് വെളിപ്പെട്ടു എന്നിരുന്നാലും ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണ മണ്ഡലത്തിലെ ഏതു നടപടിയും സാധുവായിരിക്കുന്നതും ആകുന്നു" എന്ന് അനുച്ഛേദം 189(2)-ൽ പരാമർശമുണ്ടെന്ന വസ്തുത ഇതോടൊപ്പം ചേർത്തുവായിക്കുന്നത് ഏറെ പ്രസക്തമാണെന്ന് ചെയർ കരുതുന്നു.

ഈ സാഹചര്യത്തിൽ ദേവികുളം നിയോജകമണ്ഡലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട ശ്രീ. എ. രാജ 2021 മേയ് 24-ാം തീയതി സഭയിൽ നടത്തിയ സത്യപ്രതിജ്ഞ ക്രമപ്രകാരമായിരുന്നില്ല എന്ന കാരണത്താൽ അന്നുമുതൽ അദ്ദേഹം ക്രമാനുസൃതമായി സത്യപ്രതിജ്ഞ നടത്തിയ ജൂൺ 2-ാം തീയതി വരെ സഭയിൽ ഹാജരായ മേയ് 24, 25, 28, 31 ജൂൺ 1 എന്നീ അഞ്ച് ദിവസത്തേക്ക് പ്രതിദിനം അഞ്ഞൂറ് രൂപ നിരക്കിൽ ആകെ രണ്ടായിരത്തി അഞ്ഞൂറ് രൂപ പിഴ ഒടുക്കേണ്ടതാണെന്നും പ്രസ്തുത ദിനങ്ങളിൽ അദ്ദേഹം പങ്കെടുത്തതോ വോട്ട് രേഖപ്പെടുത്തിയതോ ആയ നടപടികൾ ഒന്നുംതന്നെ അസാധുവാകുന്നതുമല്ല എന്നും ഇക്കാര്യങ്ങൾ സംബന്ധിച്ച ഭരണഘടനാ വ്യവസ്ഥകളുടെയും കീഴ്വഴക്കങ്ങളുടെയും കോടതി നിരീക്ഷണങ്ങളുടെയും അടിസ്ഥാനത്തിൽ ചെയർ റൂൾ ചെയ്യുന്നു."

*Financial Business:*

The General discussion on the revised budget for the financial year 2021-22 commenced. The following members took part in the discussion:

Shri. Chittayam Gopakumar, Deputy Speaker

Shri. K. Babu (*Nenmara*)

Shri. Ramesh Chennithala

Shri. P. S. Supal

Shri. A. K. M. Ashraf

Shri. Sebastian Kulathungal

Shri. P. J. Joseph

Shri. Kovoor Kunjumon

Shri. K. J. Maxy

Dr. Mathew Kuzhalnadan

Smt. O. S. Ambika

Shri. Kurukkoli Moideen

Shri. M. Vijin

Shri. V. R. Sunil kumar

Shri. A. Prabhakaran

Shri. T. V. Ibrahim

Shri. K. K. Ramachandran

Shri. P. C. Vishnunadh

Shri. P. P. Chitharanjan

The Discussion was inconclusive

The House adjourned at 3.29 p.m. to meet again at 9.00 a.m. on Tuesday, June 8, 2021.

S. V. UNNIKRISHNAN NAIR,
*Secretary.*